ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

**കണ്ണൂർ ജില്ലയിലെ 33 കെ. വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണം**

**35 (925)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വോൾട്ടേജ് ഉയർത്തുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 33 കെ. വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആലക്കോട് 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ആരംഭിച്ചോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വോൾട്ടേജ് ഉയർത്തുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിൽ താഴെ പറയുന്ന 33 കെ. വി. സബ് സ്റ്റേഷനുകളാണ് സ്ഥാപിക്കുവാനുദ്ദേശിക്കുന്നത്

1. പരിയാരം
2. ആലക്കോട്
3. നാടുകാണി
4. പയ്യന്നൂർ ഠൗൺ
5. കോടിയേരി

പരിയാരം സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

നാടുകാണി സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അറുപത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

ആലക്കോട്, പയ്യന്നൂർ ഠൗൺ, കോടിയേരി എന്നീ സബ് സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലമെടുപ്പ് ആയിട്ടില്ല.

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊരട്ടി സബ് സ്റ്റേഷൻ നിർമ്മാണം**

**36 (926)** പ്രൊഫസർ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലെ കൊരട്ടിയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്താണ് തടസ്സങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(സി) അവ ദൂരികരിക്കുന്നതിനും സബ് സ്റ്റേഷൻ പണി ആരംഭിക്കുന്നതിനും സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടിയിലെ കൊരട്ടിയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കണ്ടെത്തിയ സ്ഥലം വൈഗ ത്രെഡ്സിന് ലീസിന് കൊടുത്തിട്ടുള്ളതാണ്. ലീസ് ഡീസ് ക്യാൻസൽ ചെയ്തതിനുശേഷം മാത്രമേ സബ് സ്റ്റേഷനുള്ള സ്ഥലം ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. തൃശ്ശൂർ ജില്ലാ കളക്ടർ ഇതു സംബന്ധിച്ച ഓർഡർ പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) കെ. എസ്. ഇ. ബി. തൃശ്ശൂർ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തൃശ്ശൂർ ജില്ലാ കളക്ടറുമായി ഇതു സംബന്ധിച്ച് ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്.

**പുത്തൻവേലിക്കര സബ് സ്റ്റേഷന്റെ നിർമ്മാണം**

**37 (927)** ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻവേലിക്കരയിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുത്തൻവേലിക്കരയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം 19-3-2001-ലെ ഉത്തരവു പ്രകാരം ലാൻസൻ ആന്റ് ട്യൂബ്രോ കമ്പനിക്ക് ടേൺ കീ വ്യവസ്ഥയിൽ നൽകിയിരുന്നുവെങ്കിലും പ്രസ്തുത കമ്പനി ഇതുവരെ എഗ്രിമെന്റ് വച്ചിട്ടില്ല. ജോലി പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 31 കെ. വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി**

**38 (928)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 31 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ എത്ര കാലം വേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly